കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ദേലംപാടി ഗ്രാമ പഞ്ചായത്തിൽ ഊരുംപാടിയിൽ പ്രവർത്തിക്കുന്ന മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ (MGLC) ലെ അദ്ധ്യാപകർക്ക് ഓണറേറിയം -അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം.3335/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 19.10.2017

വായന :-
1) ശ്രീ. കെ. കുഞ്ഞുരാമൻ എം.എൽ.എ.യുടെ 08.08.2017-ലെ 2073/DB/MLA/2017-ാം നമ്പർ കത്ത്
2) ദേലംപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 26.07.2017-ലെ A2- 345/17-ാം നമ്പർ കത്ത്
3) 23.08.2017 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 3.81 നമ്പർ തീരുമാനം

ഉത്തരവ്

ദേലംപാടി ഗ്രാമ പഞ്ചായത്തിലെ ഊരുംപാടിയിൽ പ്രവർത്തിക്കുന്ന മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ (MGLC) ഏകാധ്യാപക വിദ്യാലയത്തിൽ കഴിഞ്ഞ നാലു വർഷമായി പി.റ്റി.എ.യുടെ സഹകരണത്തോടെ 3 അദ്ധ്യാപകരെ ഓണറേറിയം വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ടെന്നും ഈ വർഷവും മാസം 5000/- രൂപ നിരക്കിൽ 1.50 ലക്ഷം രൂപയുടെ പ്രോജക്ട് എടുത്തിട്ടുണ്ടെന്നും മാർഗരേഖ പ്രകാരം ഓണറേറിയം നൽകാവുന്നതല്ല എന്നതിനാൽ ടി പ്രോജക്ട് നടപ്പിലാക്കാൻ പ്രത്യേക അനുമതി നൽകണമെന്നും ശ്രീ. കെ. കുഞ്ഞുരാമൻ എം.എൽ.എയും ദേലംപാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റും യഥാക്രമം വായന 1, 2 കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) 23.08.2017 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി ഇക്കാര്യം വിശദമായി പരിശോധിച്ചു. മുകളിൽ മൂന്നാമതായി വായിച്ച വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനപ്രകാരം ദേലംപാടി ഗ്രാമ പഞ്ചായത്തിൽ ഊരുംപാടിയിൽ പ്രവർത്തിക്കുന്ന മൾട്ടി ഗ്രേഡ് ലേണിംഗ് സെന്റർ (MGLC)ലെ അദ്ധ്യാപകർക്ക് മാസം 5000/- രൂപ നിരക്കിൽ 1.50 ലക്ഷം രൂപ ഹോണറേറിയം നൽകുന്ന പ്രോജക്ടിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

ശ്രീ.കെ.കുഞ്ഞിരാമൻ എം.എൽ.എ. (ആമുഖ കത്ത് സഹിതം)
പ്രസിഡണ്ട്, ദേലംപാടി ഗ്രാമപഞ്ചായത്ത്, കാസർഗോഡ് ജില്ല
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസർഗോഡ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ.